**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1160** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ചിമ്മിനി ഡാം മേഖലയിൽ ഇക്കോടൂറിസം ഫണ്ട് അനുവദിക്കുന്നതിന്;</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പ്രശസ്തമായ ചിമ്മിനി ഡാം മേഖലയിൽ ഇക്കോടൂറിസം ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ;

**<u>മറുപടി:</u>** പുതുക്കാട് മണ്ഡലത്തിൽ ചിമ്മിനി ഡാം ഇക്കോ ടൂറിസം പദ്ധതി, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ എന്ന പദ്ധതിയ്ക്ക് വിനോദസഞ്ചാര വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി 99,90,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**(ബി)** മറ്റത്തൂർ പഞ്ചായത്തിലെ കുഞ്ഞാലപ്പാറ, പരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മുനിയാട്ടുകുന്ന് എന്നിവിടങ്ങളിൽ വിനോദസഞ്ചാരികൾക്കായി കൂടുതൽ സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനും , ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മുനിയാട്ടുകുന്ന് ടൂറിസം വികസനത്തിനായി ജില്ലാ ഓഫീസിൽ നിന്ന് ലഭ്യമായിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (DPR) പരിശോധിച്ച് വരികയാണ്.

കുഞ്ഞാലപ്പാറ പദ്ധതി പ്രോപ്പോസൽ ലഭ്യമായിട്ടില്ല.

**(സി)** പ്രസ്തുത പദ്ധതികൾക്കായി അനുമതിയും,ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മുനിയാട്ടുകുന്ന് ടൂറിസം വികസനത്തിനായി ജില്ലാ ഓഫീസിൽ നിന്ന് ലഭ്യമായിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (DPR) പരിശോധിച്ച് വരികയാണ്.

കുഞ്ഞാലപ്പാറ പദ്ധതി പ്രോപ്പോസൽ ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**